(സി) ഈ നെൽക്കൃഷിയിടങ്ങളുടെ നികത്തൽ തടയുന്നതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) & (സി) നെൽവയൽ മണ്ണിട്ട് നികത്തി തരം മാറ്റുന്നതിനെതിരെ 1967-ലെ കേരള ഭൂവിനിയോഗ നിയമംമൂലം കർശനമായ നിയന്ത്രണങ്ങൾ വരുത്തിയിട്ടുണ്ട്. ഇതുപ്രകാരം നെൽപ്പാടം നികത്തുകയോ മറ്റാവശ്യങ്ങൾക്കായി തരം മാറ്റുകയോ ചെയ്താൽ ഉടമസ്ഥനെ വിളിച്ചുവരുത്തി നെൽക്കൃഷി ചെയ്യുന്ന സഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കരുത് എന്ന് നിർദ്ദേശിക്കുവാനും ഇത് ലംഘിച്ചാൽ മൂന്നു മാസം മുതൽ 7 മാസം വരെ തടവിന് വിധിക്കാനും പൈൻ ഈടാക്കുവാനും ജില്ലാ കളക്ടർക്ക് അധികാരം നൽകിയിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്).†

കേരഫെഡിന്റെ ഉല്പന്നങ്ങൾ

103 [2858] *ഡോ. എം. എ. കുട്ടപ്പൻ:*
ശ്രീ. വി. ജെ. പൗലോസ്:
„ *കെ. ബാബു:*
„ *ടി. എൻ. പ്രതാപൻ:*
„ *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡിന്റെ ഉല്പന്നങ്ങൾ വൈവിദ്ധ്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പുതിയ ഉല്പന്നങ്ങളാണ് ഉണ്ടാക്കാനുദ്ദേശിക്കുന്നത്;

(സി) കേരഫെഡ് വിദേശ വിപണിയിൽ പ്രവേശിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ എന്നു പറയുമോ;

(ഇ) എന്തെല്ലാം സാധനങ്ങളാണ് ആ രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നത് എന്ന് വ്യക്തമാക്കുമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ഉല്പന്നങ്ങളായ കോക്കനട്ട് ക്രീം, ഡസിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് പൗഡർ തുടങ്ങിയവയാണ് ഉൽപ്പാദിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) ഇപ്പോൾ ദുബായിയിലും മറ്റു ജി.സി.സി. രാജ്യങ്ങളിലേക്കും കൂടാതെ ഇറാൻ, പാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലെയും വിപണിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഇ) 'കേര ഗോൾഡ്' ബ്രാന്റ് വെളിച്ചെണ്ണ, കേരകേൾ, കേരജം, കേശാമൃത് എന്നീ ആയുർവേദ കേശതൈലങ്ങൾ, കേര ചമ്മന്തിപ്പൊടി, കേര തീയ്യൽക്കൂട്ട് മുതലായ സാധനങ്ങളാണ് കയറ്റി അയയ്ക്കുന്നത്.

കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി

104 [2859] *ശ്രീ. വർക്കല കഹാർ:*
„ *കെ. സി. ജോസഫ്:*
„ *ജോർജ്ജ് ജെ. മാത്യു:*
„ *ലൂഡി ലൂയിസ്:*

പ്രൊഫ. കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ടൺ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കപ്പെടുന്നു;

(ബി) സംസ്ഥാനത്തിനാവശ്യമായ കാലിത്തീറ്റയുടെ അളവ് എത്രയാണ്;

(സി) സംസ്ഥാനത്തേക്കാവശ്യമായ ബാക്കി കാലിത്തീറ്റ എവിടെനിന്നെല്ലാമാണ് സംസ്ഥാനത്ത് എത്തിച്ചേരുന്നത്;

(ഡി) ഇവയിൽ ഉമിയും പാറപ്പൊടിയും കൂടുതലായി കലർത്തിയിട്ടുണ്ടോ;

(ഇ) പോസ്റ്റുമോർട്ടം നടത്തുന്ന പശുക്കളുടെ വയറ്റിൽ പാറപ്പൊടി കണ്ടെത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) സംസ്ഥാനത്ത് ആവശ്യമായ കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളുണ്ട്;

(ജി) അന്യസംസ്ഥാനത്തുനിന്നും കേരളത്തിലെത്തിച്ചേരുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly